# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1), 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2), 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1), 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം. 93/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:11/01/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22/05/2015-ലെ എം3-14586/2015 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18/09/2015-ലെ എൽ.എഫ്.8627/പിറ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ചിലവഴിച്ച 12,795/-രൂപ, 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ദിവസക്കൂലിക്ക് ആളെ നിയമിച്ച് ചിലവഴിച്ച 99,806/-രൂപ, 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ചിലവഴിച്ച 1,25,470/-രൂപ. 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം വാളയാർ ഫോറസ്റ്റ് റേഞ്ച് ഓഫീസിന് പ്ലാൻ ഫണ്ടിൽ നിന്നും വീഡ് കട്ടർ വാങ്ങി നൽകിയ ഇനത്തിൽ ചിലവഴിച്ച 39,992/-രൂപ എന്നീ ചിലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ആയതിന് സാധൂകരണം ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷകളും ഭരണസമിതി തീരുമാനവും പഞ്ചായത്തിന്റെ അപേക്ഷയും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 2005-06 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1), 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) , 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) എന്നിവ പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരമുള്ള അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനായി പദ്ധതി വിവഹിതത്തിൽ നിന്നും തുകകൾ ചെലവഴിച്ചതിനാലാണ് ഓഡിറ്റിൽ തടസ്സവാദം ഉന്നയിച്ചിരുന്നതെന്നും കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴ ഡാം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിന് ഫുൾടൈം തസ്തിക ഇല്ലാത്തതിനാലും ഖരമാലിന്യങ്ങൾ നീക്കം ചെയ്യേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയായതിനാലുമാണ് പദ്ധതി വിഭാവനം ചെയ്ത് ഓവർസിയറുടെ മേൽനോട്ടത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്തതെന്ന് ഗ്രാമപഞ്ചായത്തിന്റെ സാധാരണ

യോഗത്തിൽ വിശദീകരിച്ചിട്ടുണ്ടെന്നും, കാട്ടാന ശല്യം പ്രതിരോധിക്കുന്നതിന് ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ 2010-ൽ രൂപീകരിച്ച എലിഫന്റ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ യോഗത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തിനോട് രണ്ട് വീഡ് കട്ടർ വാങ്ങാൻ നിർദ്ദേശിച്ചിരുന്നതായും ഈ സമയത്ത് ഒരു സ്ത്രീയെ കാട്ടാന കൊലപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ പഞ്ചായത്തിലെ ജനങ്ങളുടെ ജീവൻ രക്ഷിക്കുക എന്നത് കണക്കിലെടുത്ത് 07/05/2010-ലെ 5(1) നമ്പർ തീരുമാനത്തിന്റെയും ഡി.പി.സി അംഗീകാരത്തിന്റെയും അടിസ്ഥാനത്തിലാണ് 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം ഫോറസ്റ്റ് റേഞ്ച് ഓഫീസിന് വീഡ് കട്ടർ വാങ്ങിയതെന്നും ആയതിനാൽ പഞ്ചായത്ത് ഡയറക്ടറുടെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച പ്രസ്തുത തുകകൾക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും വിനിയോഗിച്ച തുക ക്രമീകരിക്കുന്നതിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം ചിലവഴിച്ച 12,795/-രൂപ, (പന്ത്രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപ, 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം ചിലവഴിച്ച 99,806/-(തൊണ്ണൂറ്റിയൊമ്പതിനായിരത്തി എണ്ണൂറ്റിയാറ് രൂപ മാത്രം) രൂപ, 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം ചിലവഴിച്ച 1,25,470/-രൂപ. (ഒരു ലക്ഷത്തി ഇരുപത്തിയഞ്ചായിരത്തി നാനൂറ്റി എഴുപത് രൂപ മാത്രം) രൂപ, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം ചിലവഴിച്ച 39,992/-(മുപ്പത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) രൂപ എന്നീ ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി,

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, മലമ്പുഴ ഗ്രാമപഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ